**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2468** **12-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് അനുമതിയാവുകയും പ്രവൃത്തി ഉദ്ഘാടനം നടത്തുകയും ചെയ്ത സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ച ഭവന സമുച്ചയങ്ങൾ -<br><br>1. കോട്ടക്കുന്ന്<br><br>(ചാത്തമംഗലം ഗ്രാമപഞ്ചായത്ത്)<br><br>2. മന്ദൻകാവ്<br><br>(നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്)<br><br>3. പൊൻപാറക്കുന്ന്<br><br>(മാവൂർ ഗ്രാമപഞ്ചായത്ത്)<br><br>4. ഏലോക്കര<br><br>(പുതുപ്പാടി ഗ്രാമപഞ്ചായത്ത്) |
| (ബി) | ഇവയിൽ നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത ഏതെല്ലാം പദ്ധതികളാണുള്ളത്; പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | മാവൂർ, പുതുപ്പാടി എന്നീ ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.<br><br>ടി രണ്ട് സ്ഥലങ്ങളും തുടർന്നുള്ള പരിശോധനകളിൽ ഭവന സമുച്ചയ നിർമ്മാണത്തിന് അനുയോജ്യ മല്ലായെന്ന് കണ്ടെത്തിയതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| (സി) | ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കോട്ടക്കുന്ന്, മാവൂർ ഗ്രാമപഞ്ചായത്തിലെ പൊൻപാറക്കുന്ന് എന്നിവിടങ്ങളിലുള്ള ഭവന പദ്ധതി പ്രവൃത്തികളുടെ സ്റ്റാറ്റസ് വിശദമാക്കാമോ? | (സി) | ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ എൽ.ജി.എസ്.എഫ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുന്ന ഭവന സമുച്ചയം നിർമ്മാണ പ്രവൃത്തിയുടെ 30% പൂർത്തിയാക്കിയിട്ടുണ്ട്. മാവൂർ ഗ്രാമപഞ്ചായത്തിലെ പൊൻ പാറക്കുന്ന് എന്ന സ്ഥലത്ത് ലഭ്യമായ ഭൂമി നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ ഭവനസമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടില്ല. മാവൂരിലെ ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. പ്രസ്തുത ഭൂമി |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ, അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ